
# അക്കാദമിക് മാസ്റ്റർ പ്ലാൻ



# ജി.എൽ.പി. സ്കൂൾ
# ക്ലാരി വെസ്റ്റ്

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി.എൽ.പി സ്കൂൾ ക്ലാരി വെസ്റ്റ് |
| വിലാസം | : | ക്ലാരി പി.ഒ |
| | | എടരിക്കോട്, മലപ്പുറം ജില്ല 676501 |
| സ്കൂൾ കോഡ് | : | 19611 |
| വിദ്യാഭ്യാസ ഉപജില്ല | : | താനൂർ |
| വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി |
| റവന്യൂജില്ല | : | മലപ്പുറം |
| ബി.ആർ.സി | : | താനൂർ |
| സി.ആർ.സി | : | കുറ്റിപ്പാല |
| പഞ്ചായത്ത് | : | പെരുമണ്ണ |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| നിയമസഭാ മണ്ഡലം | : | തിരൂരങ്ങാടി |
| ലോകസഭാ മണ്ഡലം | : | പൊന്നാനി |
| താലൂക്ക് | : | തിരൂർ |
| വില്ലേജ് | : | പെരുമണ്ണ |
| വാർഡ് | : | കീഴ്മുറി |
| ഇമെയിൽ | : | govtlpsklariwest@gmail.com |

# ആമുഖം

പെരുമണ്ണ ക്ലാരി പഞ്ചായത്തിൽ അഞ്ചാം വാർഡിൽ കഞ്ഞിക്കുഴിങ്ങര എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. കോട്ടക്കൽ -തിരൂർ റോഡിൽ ക്ലാരി മൂച്ചിക്കൽ എന്ന സ്റ്റോപ്പിൽ നിന്നും 1 കിലോമീറ്റർ പടിഞ്ഞാറോട്ട് സഞ്ചരിച്ചാൽ ഈ സ്കൂളിലെത്തും. തൃശൂർ കോഴിക്കോട് റോഡിൽ കോഴിച്ചെന എന്ന സ്റ്റോപ്പിലിറങ്ങിയും ഇവിടെയെത്തിച്ചേരാം.

1919 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത് എന്നാണ് രേഖകളിൽ കാണുന്നത്. അൽപം അകലെയുള്ള ഒരു പീടിക മുറിയിൽ പരിമിത സൗകര്യങ്ങളോടെ ആരംഭിച്ച ഈ വിദ്യാലയം ഏതാനും വർഷങ്ങൾക്കു ശേഷം തെയ്യഞ്ചേരി ഇല്ലം വക വാടക കെട്ടിടത്തിലേക്കുമാറ്റി.അന്നത്തെ കാലത്ത് ഏറ്റവും മനോഹരവും സൗകര്യമേറിയതുമായ ഒരു കെട്ടിടമായിരുന്നു അത്. അക്കാലത്ത് ഒരു ഹിന്ദു വിദ്യാലയം എന്ന് പ്രചാരണം കിട്ടിയതിനാൽ വിദൂര പ്രദേശങ്ങളിൽ നിന്നു പോലും ഹിന്ദു വിദ്യാർത്ഥികൾ ഇവിടെ പഠിക്കാനെത്തിയിരുന്നു. മറ്റു മതവിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ ഇവിടെ പ്രവേശനം തേടിയതുമില്ല.

പിന്നീട് ഏറെ വർഷങ്ങൾക്കു ശേഷമാണ് ഇത് ഒരു പൊതു വിദ്യാലയമായി അറിയപ്പെടുന്നതും എല്ലാ വിഭാഗങ്ങളിലുംപെട്ട വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ ചേർന്ന് പഠിക്കാനാരംഭിച്ചതും പ്രഗത്ഭരായ പല അധ്യാപകരും ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇവിടെ നിന്നും പഠിച്ച് പുറത്തിറങ്ങിയ വിദ്യാർത്ഥികൾ പലരും സമൂഹത്തിന്റെ ഉന്നത ശ്രേണികളിലെത്തിയിട്ടുമുണ്ട്.

വാടകക്കെട്ടിടത്തിന്റെ പരിമിതമായ സൗകര്യങ്ങളോടും പരാധീനതകളോടും നിരവധി വർഷങ്ങൾ പിന്നിട്ട ശേഷം 2005 ൽ ഗ്രാമപഞ്ചായത്ത് നാട്ടുകാരുടെ സഹായത്തോടെ സ്കൂൾ കെട്ടിടവും 30 സെന്റ് സ്ഥലവും വിലയ്ക്കു വാങ്ങി. എസ്.എസ്.എയും പഞ്ചായത്തും ചേർന്ന് ആവിശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കി. ടോയ്‌ലറ്റ്,യൂറിനൽസ്,കുടിവെള്ളം,പാചകപ്പുര, ഇലക്ട്രിഫിക്കേഷൻ, സ്റ്റേജ്,ഭക്ഷണ മുറി,ഫർണിച്ചറുകൾ,ഐ.ടി ലാബ്, ഇന്റർനെറ്റ് സൗകര്യം തുടങ്ങി ഭൗതിക സൗകര്യങ്ങളിൽ ഒരു കുതിച്ചു ചാട്ടം തന്നെയാണ് തുടർന്നുള്ള വർഷങ്ങളിൽ നടന്നത്.

## നേട്ടങ്ങൾ

ജീർണിച്ച വാടക കെട്ടിടത്തിൽ നിന്നും സ്വന്തമായി നിർമിച്ച സുരക്ഷിതമായ കെട്ടിടങ്ങളിലേക്കുള്ള മാറ്റം.

ടോയ്‌ലറ്റുകൾ, യൂറിനലുകൾ,കുടിവെള്ളം ഇലക്ട്രിഫിക്കേഷൻ,ആധുനിക പാചകപ്പുര,ടിവി, ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ , എൽ.സി.ഡി പ്രൊജക്ടർ, ഡൈനിംഗ് ഹാൾ,സ്റ്റേജ്, ടൈൽസ് പതിച്ച തറകൾ, അലമാരികൾ - ഇങ്ങനെ ഭൗതിക മേഖലയിലുണ്ടായ കുതിച്ചുചാട്ടം.

കലാമത്സരങ്ങളിൽ വർഷങ്ങളായി പഞ്ചായത്തിൽ ഒന്നോ രണ്ടോ സ്ഥാനങ്ങളിൽ സബ്ജില്ലയിലും വളരെ മുന്നിൽ.

10 വർഷത്തോളമായി നല്ല നിലയിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി.

വിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ പദ്ധതികളും വിജയകരമായി നടപ്പാക്കുന്നു.

പി.ടി.എ,എം.ടി.എ, എസ്.എം.സി, പൂർവ്വ വിദ്യാർത്ഥി സംഘടന ഇവയുടെ സജീവമായ സഹകരണം.

പൊതുവിജ്ഞാനം,ശാസ്ത്രം,ഗണിത ക്വിസുകളിൽ സബ്ബ് ജില്ലയിൽ മികച്ച നേ[illegible]ങ്ങൾ

വലിയ ബഹുജന പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ദിനാചരണങ്ങളു[illegible] വാർഷികാഘോഷവും.

സമൂഹ പങ്കാളിത്തത്തോടെ ദിവസങ്ങൾക്കുള്ളിൽ യാഥാർത്ഥ്യമാക്കിയ കു[illegible] കിണർ സമീപവാസികൾക്കെല്ലാം വേനലിൽ ആശ്വാസം പകരുന്നു

# പരിമിതികൾ പ്രശ്നങ്ങൾ

1. കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്. തൊട്ടയൽപക്കങ്ങളിൽ പോലും അൺ എയ്ഡഡ് സ്കൂളിലേക്ക് പോകുന്ന കുട്ടികൾ.
2. 20 % കുട്ടികളെങ്കിലും പഠനപിന്നോക്കാവസ്ഥയിലാണ്.
3. ഭാഷ,(മലയാളം,ഇംഗ്ലീഷ്),ഗണിതം ഈ മേഖലയിലുള്ള പിന്നോക്കാവസ്ഥ.ഭാഷയിലെ വായന,എഴുത്ത്, ചിഹ്നങ്ങൾ, ഗണിതത്തിലെ പ്രശ്നങ്ങളുടെ നിർദ്ധാരണം തുടങ്ങിയവ.
4. ലൈബ്രറി വേണ്ട രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. ക്ലാസ് ലൈബ്രറികൾ ക്രമീകരിച്ചിട്ടില്ല.
5. എൽ.എസ്.എസ് പോലെയുള്ള മത്സര പരീക്ഷകളിൽ മികവു പുലർത്താൻ കഴിഞ്ഞിട്ടില്ല
6. ലഘുപരീക്ഷണങ്ങൾ നടത്തുന്നതിനാവശ്യമായ ലബോറട്ടറി സൗകര്യം ഒരുക്കിയിട്ടില്ല.
7. അസൈൻമെന്റ് ചെയ്തു വരാത്ത കുട്ടികൾ അവരുടെ രക്ഷിതാക്കളുടെ ഭാഗത്തു നിന്നുള്ള അലംഭാവം, നിസ്സംഗത.
8. സ്ഥിരം അധ്യാപകരുടെ ദൗർലഭ്യം അടിക്കടിയുള്ള സ്ഥലം മാറ്റം(അക്കാദമിക വർഷത്തിനിടയിൽ)സൃഷ്ടിക്കുന്ന പ്രയാസങ്ങൾ,ഓരോ വർഷത്തിലും പുതിയ അധ്യാപകർ വേണ്ട പരിശീലനം അവർക്ക് ലഭിക്കുന്നില്ല.
9. ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിലുള്ള പരിചയക്കുറവ് പരിശീലനമില്ലായ്മ.
10. അധ്യാപകർക്ക് ജോലിഭാരം, സമയക്കുറവ്
11. പദ്ധതികളുടെ ആധിക്യം
12. കലാ കായിക പരിശീലനങ്ങൾക്ക് ഈ അധ്യാപകർ തന്നെ സമയം കണ്ടെത്തണം സ്പെഷ്യലിസ്റ്റ് അധ്യാപകരെ ലഭിക്കുന്നില്ല.
13. എച്ച്എമ്മിന്റെ ക്ലാസ് ചാർജ്ജ് നിരവധി ജോലി തിരക്കുകൾക്കിടയിൽ ക്ലാസ് ശ്രദ്ധിക്കാനുള്ള സമയം കുറയുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റ അധിക ചുമതലകൂടി നിർവ്വഹിക്കേണ്ടിവരുന്നു.
14. പ്രതിഭാ ശാലികളായ കുട്ടികൾക്ക് വേണ്ടത്ര അവസരങ്ങൾ നൽകാൻ കഴിയുന്നില്ല.
15. അഭിമുഖങ്ങൾ, ചർച്ചകൾ ,ഫീൽഡ് ട്രിപ്പുകൾ, തുടങ്ങിയവ വേണ്ടത്ര സംഘടിപ്പിക്കാൻ കഴിയുന്നില്ല.
16. സ്പോർട്സും ,ഗെയിംസും നല്ല രീതിയിൽ നടത്താൻ കഴിയുന്നില്ല. യോഗ്യതയുള്ള അധ്യാപകരുടെ അഭാവം, മൈതാനമില്ലായ്മ, കളിയുപകരണങ്ങളുടെ കുറവ്.

ഇങ്ങനെ ധാരാളം പരിമിതികൾ വിദ്യാലയം നേരിടുന്നുണ്ട്. ഇവ മറികടന്ന് ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കാനുള്ള കഠിന പരിശ്രമത്തിലാണ് അധ്യാപകരും രക്ഷിതാക്കളും മറ്റു നാട്ടുകാരും.

## ലക്ഷ്യങ്ങൾ

1. കുട്ടി ഓരോ ക്ലാസിലും ആർജ്ജിച്ചിരിക്കേണ്ട ശേഷികൾ അതാത് ക്ലാസിൽ നിന്നു തന്നെ നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
2. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം ഉറപ്പ് വരുത്തുക.
3. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് പഞ്ചായത്ത് , ഉപജില്ലാ തലങ്ങളിൽ മികച്ച നേട്ടങ്ങൾ നേടാൻ പ്രാപ്തരാക്കുക.
4. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ നൽകൽ. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരം സൃഷ്ടിക്കൽ.
5. പഠനത്തെ പരിസര ഗന്ധിയും ജീവിത ഗന്ധിയും ആക്കുക.ക്യാമ്പസിനെ ഒരു പാഠപുസ്തകമാക്കുക ജൈവവൈവിധ്യ ഉദ്യാനം പ്രാവർത്തികമാക്കുക.
6. ആധുനിക ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കുട്ടിയെ മാറുന്ന കാലത്തിന് യോജിച്ച രീതിയിൽ സജ്ജനാക്കുക.
7. പ്രത്യേക പരിഗണന അർഹിക്കുക വിദ്യാർത്ഥികളെ ഒപ്പം കൂട്ടുകയും അവർക്കു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

# ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാവർക്കും എഴുത്തും വായനയും | മലയാളത്തിളക്കം (പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br>അക്ഷരം ഉറപ്പിക്കൽ (ചിത്രം,അക്ഷര പാട്ടുകൾ എന്നിവയിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ (ചിത്ര സഹായത്താലും വായനാ കാർഡുകളിലൂടെയും ചിഹ്നങ്ങൾ ഉറപ്പിക്കുന്നു.<br>പദ രൂപീകരണം.(അക്ഷര കാർഡുകൾ, അക്ഷര ചക്രങ്ങൾ പദ സൂര്യൻ എന്നിവയിലൂടെ )<br>വാക്യ രൂപീകരണം ചിത്രം-അടിക്കുറിപ്പ് , ചിത്രം നൽകൽ - അടിക്കുറിപ്പ് , പറയിപ്പിക്കൽ- എഴുതൽ<br>ചിത്രം കഥപറയൽ എഴുതൽ , ചിത്രം യോജിപ്പിച്ച് കഥ കണ്ടെത്തൽ<br>ചിത്രം നോക്കി കഥ എഴുതൽ, ചിത്രം നോക്കി കവിതാ രചന<br>ചിത്രം നോക്കി കവിത പൂർത്തിയാക്കൽ<br>സിഡിയിൽ ചിത്രം /വീഡിയോ നൽകി വാക്യങ്ങൾ എഴുതൽ | 2 മാസം | ക്ലാസ് ടീച്ചർ | |
| വായനക്കൂട്ടം എഴുത്തു കൂട്ടം | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ ഗ്രൂപ്പുകളായി തിരിച്ച് വായന വായനാക്കുറിപ്പ് തയ്യാറാക്കൽ അസംബ്ലി അവതരണം)<br>എഴുത്തു കൂട്ട രൂപീകരണം (ക്ലാസ് തല എഴുത്തു കൂട്ടങ്ങൾ രൂപീകരണം- വ്യക്തിഗത രചന സംഘരചന, എഴുത്ത് ഏതു സാഹിത്യ വിഭാഗത്തിൽ മോണിറ്ററിംഗ്- ചർച്ച - അസംബ്ലി അവതരണം | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |
| അമ്മ വായന | സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകം തിരഞ്ഞെടുക്കാനവസരം, വായനാമുറി -വായനാക്കുറിപ്പ് തയ്യാറാക്കൽ- മികച്ച കുറിപ്പ് കണ്ടെത്തൽ- അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ. | ജൂൺ മാർച്ച് | എച്ച്.എം ലൈബ്രേറിയൻ | |
| ക്ലാസ് ലൈബ്രറി, സ്കൂൾ | ക്ലാസ് ലൈബ്രറി രൂപീകരണം കുട്ടികളുടെ വായനക്ക് സഹായകമായ | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ലൈബ്രറി | പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ് ലൈബ്രറി സജ്ജീകരണം-സ്കൂൾ ലൈബ്രറി നവീകരണം (സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ കുട്ടി ലൈബ്രേറിയൻ പുസ്തക വിതരണം - പുസ്തക ക്രമീകരണം- പിറന്നാൾ പുസ്തക ശേഖരണം<br>ആഴ്ചയിലൊരു പുസ്തക വായന ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകം ഗൃഹസന്ദർശനത്തിലൂടെ | വർഷത്തിൽ 2 തവണ | എച്ച്.എം. പി.ടി.എ ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |
| ക്ലാസ് സഭ, സ്കൂൾ സഭ | ബാലസഭ രൂപീകരണം സ്കൂളിൽ യോഗം സംഘടിപ്പിക്കൽ- സൃഷ്ടികൾ പരിചയം -പ്രകാശനം - അവതരണം വിദ്യാലയത്തിനു പുറത്ത് ബാലസഭകൾ രൂപീകരിക്കൽ പൊതു ജനപങ്കാളിത്തം. | ആഴ്ചയിൽ ഒരു തവണ | എച്ച്.എം. ക്ലാസ് ടീച്ചർ | |
| വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ | പത്രവായനയും വിശകലനവും ആഴ്ചപ്പതിപ്പുകൾ/മാസികകൾ വായനയും വിശകലനവും<br>വാർത്തകളോടുള്ള പ്രതികരണങ്ങൾ ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കൽ. ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ.<br>(ആഴ്ചയിലൊരു പുസ്തകം കുട്ടിയുടെ (പ്രായത്തിനനുസരിച്ച്) ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പുസ്തക വായന ചർച്ച<br>വായനക്കൂട്ടം -പുസ്തകങ്ങൾ തെരഞ്ഞെടുത്ത് - വായനക്കുറിപ്പ് ചർച്ച | ആഴ്ചയിൽ ഒരു തവണ | എച്ച്.എം. ക്ലാസ് ടീച്ചർ ലൈബ്രേറിയൻ | |
| വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | മലയാള സാഹിത്യശാഖകൾ പരിചയപ്പെടൽ -ലൈബ്രറി പുസ്തക ക്രമീകരണം- വിവിധ സാഹിത്യ സൃഷ്ടികൾ രചന<br>വിദ്യാരംഗത്തിന്റെ കീഴിൽ രചനാ മത്സരങ്ങൾ - പ്രകാശനം സാഹിത്യകാരന്മാരെ ക്ഷണിക്കൽ അഭിമുഖം | പ്രതിമാസ പരിപാടി<br>വർഷത്തിൽ 2 തവണ | വിദ്യാരംഗം എച്ച്.എം<br>എച്ച്.എം പി.ടി.എ | 2000/- സ്പോൺസർഷിപ്പ് |
| ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക | വായനോത്സവം സംഘടിപ്പിക്കൽ കുട്ടികളുടെ കൂട്ടായ്മ യോഗം സംഘടിപ്പിക്കൽ - വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പ്രകാശനം<br>അധ്യാപകരുടെ പുസ്തകം പരിചയപ്പെടൽ കൃതികളുടെ രംഗാവിഷ്കാരം. | ജൂൺ, ജൂലൈ<br>മാസത്തിൽ ഒരു തവണ | എച്ച്.എം പി.ടി.എ ആദ്ധ്യാപകർ ആർട്സ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | പുസ്തക ചർച്ച വായനാനുഭവം പങ്കുവെയ്ക്കൽ പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടൽ, സന്ദേശം ,കഥാപാത്ര നിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം അവതരിപ്പിക്കൽ. | ജൂൺ മാർച്ച് | വിദ്യാ രംഗം | |
| | ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും ക്ലാസ് മുറിയിലും സ്കൂളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനം മത്സരങ്ങൾ ഇവായന വിക്കിപീഡിയ പരിചയപ്പെടൽ നെറ്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനുള്ള നൈപുണ്യം ബ്ലോഗ് രൂപീകരണം വീഡിയോ കാണൽ | ജൂൺ -മാർച്ച് | എച്ച്എം അധ്യാപകർ | |
| വായനാസാമഗ്രികൾ കണ്ടെത്തുക എഴുത്തും വായനയും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക | എൽപി കുട്ടികൾക്കായുള്ളവായന സാമഗ്രികൾ ശേഖരിക്കൽ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ രചനാ ശില്പശാല -രചനകൾ സ്പൈറൽ ബൈൻഡ് ചെയ്ത് ഉപയോഗിക്കൽ പത്രവായന - ക്ലാസ് തല ലൈബ്രറി വായന - ഇ- വായന | വർഷത്തിൽ 2 തവണ | | |
| ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക. | വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു. | ജൂൺ മാർച്ച് | എച്ച്എം അധ്യാപകർ പി.ടി.എ | |
| എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടൽ | കാവ്യക്കൂട്ടം കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ സാഹിത്യകാരന്മാരുടെ കവിതകൾ എന്നിവ ശേഖരിച്ച് കവികളുടെ സാന്നിധ്യത്തിലും കാവ്യക്കൂട്ടം. വായനക്കുറിപ്പ് ആസ്വാദനകുറിപ്പ് തയ്യാറാക്കൽ- പതിപ്പ് -പ്രകാശനം വ്യക്തിഗത രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ വിലയിരുത്തൽ- പുസ്തകം തയ്യാറാക്കുന്നു. | | എച്ച്എം പി.ടി.എ ബി. ആർ.സി | |

| | | | | |
|---|---|---|---|---|
| ഇൻലന്റ് മാഗസിൻ ചുമർ മാഗസിൻ, പത്രം എന്നിവയുടെ വായന എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക. | സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിനായി ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ,ചുമർ പത്രിക പതിപ്പുകൾതയ്യാറാക്കൽ, പ്രകാശനം. | പ്രതിമാസ പരിപാടി | അദ്ധ്യാപകർ എച്ച്.എം | |
| ഭിന്നശേഷി കാർക്കായുള്ള പ്രവർത്തനം | ഭിന്നശേഷിക്കാർക്കായി പ്രത്യേക പ്രവർത്തന പാക്കേജ്,വർക്ക് ഷീറ്റുകൾ ഐഇഡി അധ്യാപകരുടെ സേവനം. | ജൂൺ മാർച്ച് | ബി. ആർ.സി | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ഒന്നു മുതൽ നാലാം ക്ലാസ്സു വരെയുള്ള കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ, ഇവ ഉറപ്പിക്കൽ | അബാക്കസ്,സംഖ്യാകാർഡുകൾ,ഗണിത കിറ്റുകൾ (കല്ല്,മുത്തുകൾ, മഞ്ചാടി,പുളികുരു,ഈർക്കിൽ,കളിനോട്ടുകൾ) തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. | ജൂൺ-ജനുവരി | ഗണിതാധ്യാപകർ, എസ്. ആർ.ജി | എസ്.എസ്.എ |
| 2. യുക്തിചിന്ത, മനക്കണക്കുകൾ ഇവയിൽ പ്രാവീണ്യം നേടുന്നതിന്. | യുക്തിചിന്ത, മനക്കണക്കുകൾ, ഇവ വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവിശ്യമായ പ്രവർത്തനങ്ങൾ ആധ്യാപിക ബോധപൂർവ്വം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.<br>കുട്ടികൾക്ക് സ്വയം ചോദിക്കാനുള്ള അവസരം കൊടുക്കുന്നു. | ജൂലൈ-മാർച്ച് | ഗണിതാധ്യാപകർ | |
| 3. ദൂരം, നീളം, ഭാരം അളക്കുന്നതിനുള്ള പ്രക്രിയാ ശേഷി വികസിപ്പിക്കുന്നതിന്. | ക്ലാസ്സന്തരീക്ഷം ,വിദ്യാലയാന്തരീക്ഷം, ഇവ പാഠഭാഗങ്ങൾക്കനുസൃതമായി വിഷയബന്ധിതമാക്കുന്നു. പ്രക്രിയാ ശേഷി വികസനത്തിന്റെ നേരനുഭവങ്ങളിലേക്ക് - ഉച്ചഭക്ഷണത്തിനാവശ്യമായ അരി അളന്നെടുക്കൽ, പാലിന്റെ അളവ് കണ്ടെത്തൽ, മുട്ടയുടെ എണ്ണം (വില,ആകെ വില) കണ്ടെത്തൽ. | ജൂൺ-മാർച്ച്<br>സെപ്റ്റംബർ-മാർച്ചസെപ്റ്റംബർ-മാർച്ച് | ഗണിതാധ്യാപകർ എസ്. ആർ.ജി എച്ച്.എം | |
| 4. ഗണിത പതിപ്പുകൾ,മാഗസിനുകൾ | ഗണിത പ്രവർത്തനങ്ങളുടെ ഫലമായി ക്ലാസ്സ് മുറിയിൽ രൂപീകരിക്കുന്ന പസിലുകൾ, പാറ്റേണുകൾ, മാന്ത്രിക ചതുരങ്ങൾ ഇവ ഉൾപ്പെടുത്തി ഗണിത പതിപ്പുകൾ തയ്യാറാക്കൽ. | ജൂൺ മാർച്ച് | ഗണിതാധ്യാപകർ എസ്. ആർ.ജി എച്ച്.എം, കുക്ക് | |
| 5.ഗണിതത്തിൽ താൽപര്യം വളർത്താൻ | ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ, ഗണിത കൗതുകങ്ങൾ ഇവ പരിചയപ്പെടൽ<br>ഗണിത മാഗസിനുകൾ പതിപ്പുകൾ ഇവയുടെ നിർമ്മാണം.<br>നിത്യജീവിതാനുഭവങ്ങളുമായി ഗണിതത്തെ ബന്ധപ്പെടുത്തൽ. | ജൂലൈ -ഫെബ്രുവരി | ഗണിതാധ്യാപകർ, എച്ച്.എം രക്ഷിതാക്കൾ എസ്. ആർ.ജി | |

| | | | | |
|---|---|---|---|---|
| 6. ഗണിത ക്വിസ് | ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഓരോ മാസവും അതാതു പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം<br>ഓരോ ടേമിലും എല്ലാ ക്ലാസ്സിലെയും കുട്ടികളെ ഉൾപ്പെടുത്തി ക്വിസ്<br>സബ്ജില്ലാ ഗണിത ക്വിസിൽ പങ്കെടുക്കാനുള്ള കുട്ടിയെ കണ്ടെത്തൽ | ജൂൺ- ഫെബ്രുവരി | ഗണിത ക്ലബ്ബ് | |
| 7. 1,2 ക്ലാസുകളിൽ സംഖ്യാബോധം ഉറപ്പിക്കൽ | ഗണിത കഥകളുടെ ദൃശ്യാവതരണം ഗണിത കേളികൾ ഗണിത പാട്ടുകൾ | ജൂൺ- ഫെബ്രുവരി | ഗണിതാധ്യാപകർ, | |
| 8. ഐ.സി.ടി | ഐ.സി.ടി ഉപയോഗിച്ച് ഉള്ള പഠനം കളിപ്പെട്ടിയിലെ സങ്കലനം ,വ്യവകലനം ,ഗുണനം ഹരണം , സംഖ്യാബോധം സമയം തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്ത് വേഗത സൂക്ഷ്മത കൃത്യത ഇവ കൈവരിക്കൽ. | ജൂൺ- മാർച്ച് | ഗണിതാധ്യാപകർ, എസ്.ആർ.ജി,എച്ച്.എം | |
| 9.Maths corner | ഗണിത പഠനസാമഗ്രികൾ , സഹായികൾ , പുസ്തകങ്ങൾ എന്നിവ ശേഖരിച്ച് Maths corner സജ്ജീകരിക്കൽ | | ഗണിതാധ്യാപകർ, എസ്.ആർ.ജി,എച്ച്.എം | |
| 10.ദീർഘകാലാടിസ്ഥാനം | 1.ഗണിത ലാബ്<br>2.ഗണിത ലൈബ്രറി<br>3.ഗണിത പ്രതിഭകളെ സൃഷ്ടിക്കൽ | 3 വർഷം | എച്ച്.ഗം, അധ്യാപകർ,പി.ടി.എ,എസ്.എം.സി | |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഒഴുക്കോടെ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല. | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ | |
| 2.തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 4 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |
| 3. ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപത്തിലേക്ക് മാറ്റി എഴുതൽ. അവതരിപ്പിക്കൽ. | മാസത്തിൽ ഒരിക്കൽ | എച്ച്.എം, ഇംഗ്ലീഷ് അധ്യാപിക | |
| 4.ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും ഒരു വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | മാസത്തിൽ ഒരിക്കൽ | എച്ച്.എം, ഇംഗ്ലീഷ് അധ്യാപിക | |
| 5.വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുക. | ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുക. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ നടത്തൽ. | | ഇംഗ്ലീഷ് അധ്യാപിക | |
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂൾ വിശേഷങ്ങൾ അറിയിച്ചുകൊണ്ട് കൂട്ടുകാർക്ക് ഇംഗ്ലീഷിൽ കത്തെഴുതൽ. | പ്രതി മാസം | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ആശയ വിനിമയം നടത്തുന്നതിന് ശേഷി നേടൽ | ക്ലാസ്സ് ടീച്ചറുമായോ മറ്റു സ്കൂളിലെ കുട്ടികളുമായോ , വാട്ട്സ്ആപ്, സ്കൈപ് മുഖേന ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് ടീച്ചർ | |
| കളികളിലൂടെയുള്ള ഇംഗ്ലീഷ് പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ കണ്ടെത്തുന്നു. | പ്രതി മാസം | ഇംഗ്ലീഷ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്ത രീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ<br>പൊതുസ്ഥലത്ത് എല്ലാ കുട്ടികൾക്കും കാണാവുന്ന വിധത്തിൽ ഇംഗ്ലീഷ് ഭാഷകൾ പ്രദർശിപ്പി ക്കൽ, ഇംഗ്ലീഷ് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ | | | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.പരിസരത്തിനെ കുറിച്ച് അറിയാനും മനസ്സിലാക്കാനുമുള്ള കഴിവ്. | 1.പ്രസ്തുത ക്ലാസുകളിലെ പാഠപുസ്തകങ്ങളുമായി ബന്ധപ്പെടുത്തിയ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുക.<br>2.തയ്യാറാക്കിയ ലിസ്റ്റിൽ ശേഖരിക്കേണ്ടവ നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്നിവയെ തരംതിരിക്കൽ | ജൂൺ, ജൂലൈ | അധ്യാപകർ | 500/- |
| 2.പരിസര പഠനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്വയം ശേഖരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും | 1.പാഠഭാഗവുമായി ബന്ധപ്പെടുത്തിയ പ്രവർത്തനങ്ങൾ<br>2.വ്യക്തികളുമായുള്ള അഭിമുഖം. | പാഠഭാഗവുമായി മുന്നോട്ട് പോകുമ്പോൾ | എസ്.ആർ.ജി കൺവീനർ ക്ലാസ് അധ്യാപിക | |
| 3.നിരീക്ഷണം, താരതമ്യം, വർഗീകരണം,പരീക്ഷണം,നിഗമനം തുടങ്ങിയ പ്രക്രിയാശേഷികളിലൂടെ ശാസ്ത്ര പഠനം സാധ്യമാക്കുന്നതിനും താൽപര്യം ജനിപ്പിക്കുന്നതിനും | വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികൾ ശേഖരിക്കൽ (വാർത്തകൾ,ചിത്രങ്ങൾ, പഠന സാമഗ്രികൾ, വിത്തുകൾ, പൂച്ചെടികൾ, പച്ചക്കറികൾ, മണ്ണ്)<br>വിസ്മയ ചുമർ പഠനാന്തരീക്ഷം ഇവ ക്ലാസിൽ ഒരുക്കൽ. | | പി.ടി.എ എസ്.ആർ.ജി കൺവീനർ | 2000 |
| 4. പരിസരപഠനം അനുഭവങ്ങളിലൂടെയും നൂതനാശയങ്ങളിലൂടെയും പ്രയോജനപ്പെടുത്തൽ ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് ശാസ്ത്രജ്ഞരുടെ കണ്ടുപിടുത്തങ്ങൾ ജന്മദിനങ്ങൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉദാ: സസ്യങ്ങളുടെ വളർച്ചാ ഘട്ടങ്ങൾ , ഐ.ടി.സി ഉപയോഗപ്പെടുത്തൽ | പാഠഭാഗവുമായി മുന്നോട്ട് പോകുമ്പോൾ | എച്ച്.എം എസ്.ആർ.ജി അധ്യാപകർ പി.ടി.എ | 1000 |

| | | | | |
|---|---|---|---|---|
| 5.പരിസര പഠന ക്ലാസിൽ സയൻസ് കോർണർ പ്രയോജനപ്പെടുത്തൽ | ക്ലാസ് മുറിയിൽ പ്രത്യേകം സജ്ജമാക്കിയ ഒരിടം<br>ലഘു പരീക്ഷണങ്ങൾക്കായി ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ശേഖരിക്കൽ. | | എസ്.ആർ.ജി കൺവീനർ അധ്യാപകർ | |
| 6.വായന സാമഗ്രികൾ ഉപയോഗപ്പെടുത്തൽ | ശാസ്ത്ര മാസികകൾ, ബാലസാഹിത്യ കൃതികൾ, വാർത്താബോർഡുകൾ, ലഘു ലേഖകൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങാൻ | ജൂൺ | പൂർവ്വ വിദ്യാർത്ഥി സംഘടനകൾ | 2000/- |
| 7.പരിസ്ഥിതി ക്ലബ്ബിന്റെ രൂപീകരണം<br><br>8.ജൈവ വൈവിധ്യ പാർക്കുകൾ | കുട്ടി നിർമ്മിക്കുന്ന ഉപകരണങ്ങൾ, ബോധവത്കരണോപാധികൾ,പരീക്ഷണങ്ങൾ തുടങ്ങിയവ അവതരിപ്പിക്കുന്നതിന് കുട്ടികളുടെ അഭിരുചി വളർത്തിയെടുക്കുന്ന പ്രവർത്തനങ്ങൾ<br>സസ്യങ്ങൾ,ചെടികൾ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ | എച്ച്.എം, എസ്.ആർ.ജി ഗ്രാമപഞ്ചായത്ത് പി.ടി.എ | 5000/- |
| 9. ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും | ലഘു പരീക്ഷണങ്ങൾ കണ്ടെത്തൽ ക്ലാസിൽ പരീക്ഷണം ചെയ്യൽ സാമഗ്രികളുടെ ശേഖരണം. | | എച്ച്.എം, എസ്.ആർ.ജി ടീച്ചേഴ്സ്, പി.ടി.എ | |
| 10.ബയോബിൻ സ്ഥാപിക്കൽ | ഭക്ഷണാവശിഷ്ടങ്ങൾ ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിക്കൽ. | ജൂൺ | ഗ്രാമപഞ്ചായത്ത് | |

## പരിസരപഠനവുമായി ബന്ധപ്പെട്ട് ദീർഘകാലാടിസ്ഥാനത്തിൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ പ്ലാസ്റ്റിക് വിരുദ്ധ സ്കൂളായി പ്രഖ്യാപിക്കുക. | ബോധവൽക്കരണ ക്യാമ്പുകൾ, ദോഷങ്ങൾ ബോധ്യപ്പെടുത്തുന്ന രീതിയിലുള്ള വീഡിയോ ക്ലിപ്പുകൾ | | എച്ച്. എം,അധ്യാപകർ, പഞ്ചായത്ത് ഭാരവാഹികൾ,മറ്റ് ഏജൻസികൾ | 500/- |
| സ്കൂളിൽ ഒരു പച്ചക്കറി തോട്ടം | കാർഷിക ക്ലബ്ബിന്റെ രൂപീകരണം അതുമായി ബന്ധപ്പെട്ട പ്രവർത്തനം | | എച്ച.എം, പി.ടി.എ, എം.പി.ടി.എ, എസ്.ആർ.ജി, അധ്യാപക ർ, കൃഷിവകുപ്പ് | 5000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.എല്ലാവർക്കും എഴുത്തും വായനയും | പ്രീ ടെസ്റ്റ് നടത്തി പിന്നോകക്കാരെ കണ്ടെത്തുന്നു.<br>ചിത്രങ്ങളിലൂടെ അറബി അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>ചിത്ര സഹായത്താൽ അടയാളങ്ങൾ ഉറപ്പിക്കൽ<br>അക്ഷര കാർഡുകൾ നൽകി പദം നിർമ്മിക്കുന്നു. | ജൂൺ ജൂലൈ | എസ്.ആർ.ജി അധ്യാപകർ | |
| 2.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കൽ വാക്യങ്ങൾ നിർമ്മിക്കൽ<br>സി.ഡി യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ നിർമിക്കൽ<br>പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് നൽകൽ | ആഗസ്റ്റ് സെപ്റ്റംബർ | എസ്.ആർ.ജി അധ്യാപകർ എച്ച്.എം | എസ്.ആർ.ജി |
| 3.ഭാഷസംസാരിക്കുവാനുള്ള കഴിവ് നേടുന്നതിന് | കുട്ടികൾക്ക് അറബി സംസാരിക്കാനുള്ള അവസരം നൽകുക.<br>സംഭാഷണം, കഥ, നാടകം എന്നിവ ക്ലാസിൽ ഗ്രൂപ്പടിസ്ഥാനത്തിൽ അവതരിപ്പിക്കുക.<br>ചിത്രം നോക്കി കഥ പറയൽ<br>അറബി ഭാഷയുമായി ബന്ധപ്പെട്ട സി.ഡി ഐ.സി.ടി സാധ്യത എന്നിവ സജ്ജീകരിക്കൽ | എല്ലാ ദിവസവും പ്രവർത്തനങ്ങൾക്കിടയിൽ | | |
| 4. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറിയിൽ അറബി പുസ്തകം ഉൾപ്പെടുത്തുക (ചെറുകഥ, കവിത)<br>വായനോത്സവം സംഘടിപ്പിക്കൽ<br>പതിപ്പ് നിർമ്മാണം<br>ദിനാചരണങ്ങൾ<br>ആസ്വാദകരമായ വായന | 6 മാസം | | |

| | | | | |
|---|---|---|---|---|
| 5. കലാ വാസന പരിപോഷി പ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും<br>പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം നാടകാവിഷ്കാരം<br>കഥാരൂപത്തിലുള്ള ആവിഷ്കാരം<br>സർഗ്ഗാത്മക രചനകളിൽ അർപ്പെടാൻ അവസരമൊരുക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | കലാസാഹിത്യ വേദി | |
| 6. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | ക്ലാസ് മാസിക നിർമ്മാണം<br>ചുമർ പത്രിക നിർമ്മാണം<br>വായനാ കാർഡ് നിർമ്മാണം<br>മോഡൽ നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി എഫോറിൽ വൃത്തിയായി എഴുതി (ചിത്രം) കളർ നൽകി ലാമിനേഷൻ ചെയ്ത് വായനാ കാർഡ് നിർമിക്കുക. | 6 മാസം | എസ്.ആർ.ജി അറബിക് അധ്യാപകർ | |
| 7. വ്യത്യസ്ത മത്സരങ്ങൾ | സ്കൂളുകളിൽ പ്രതിഭകൾക്ക് മാത്രം വിജയം പോരാ എല്ലാവരും വിജയി എന്നതിലേക്ക് സ്കൂളിൽ വ്യത്യസ്ത കാറ്റഗറിയിൽ മത്സരം നടത്തുക.<br>ഉദാ: ക്വിസ്സ്, പദനിർമ്മാണം, കഥാ പൂരണം,കവിത പൂരണം,പദപ്രശ്നം,കളറിംഗ്, മെമ്മറി ടെസ്റ്റ്, ആഗ്യഗാനം, പദപയറ്റ്, ഖുർആൻ പാരായണം<br>പോസ്റ്റർ നിർമ്മാണം<br>സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ കുട്ടികൾ ചാർട്ട് പേപ്പറിൽ അധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ നിർമ്മിക്കുക.<br>ഉദാ: ലോകജലദിനം മാർച്ച് 22 ഈ ഭാഗം മാത്രം അറബിയിൽ എഴുതി ജല പ്രാധാന്യമായ ഒരു ചിത്രം മാത്രം<br>ജൂൺ മുതൽ തിരഞ്ഞെടുത്ത ദിനാചരണത്തിൽ മാറിമാറി കുട്ടികൾ പോസ്റ്റർ നിർമ്മിക്കാൻ അധ്യാപകർ മുൻകൂട്ടി പ്ലാൻ ചെയ്യണം ഇത് ഗ്രൂപ്പ് മത്സരമാക്കാം. | മാസത്തിൽ ഒരു പ്രാവിശ്യം | അധ്യാപകർ എച്ച്.എം | |